LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഗണനയിലാണ്.

(ബി) വീടുകളിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാനായി കേന്ദ്ര-സംസ്ഥാന സർക്കാർ ധനസഹായത്തോടെ പ്രധാനമായും രണ്ട് പദ്ധതികളാണ് അനെർട്ട് വഴി നടപ്പിലാക്കിവരുന്നത്. 10 മെഗാവാട്ട് ഓഫ്ഗ്രിഡ് സ്ഥാപിതശേഷി ലക്ഷ്യമിടുന്ന 10,000 സൗരഗൃഹ പദ്ധതിവഴി സംസ്ഥാനത്തുടനീളമുള്ള 10,000 വീടുകളിലായാണ് നടപ്പിലാക്കുന്നത്. 12 മെഗാവാട്ട് സ്ഥാപിതശേഷി ലക്ഷ്യമിടുന്ന സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിൽ 2-50 കിലോവാട്ട് വരെയുള്ള പവർ പ്ലാന്റുകളാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ഏകദേശം രൂപ 80,000 കിലോവാട്ടാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ 30 ശതമാനം കേന്ദ്രധനസഹായമായും സംസ്ഥാന വിഹിതമായി 10,000 രൂപയും വിവക്ഷിക്കുന്നു.

(ഡി) തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. നടപടിക്രമങ്ങൾ നടന്നുവരുന്നു.

നെന്മാറ നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

21 (366) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള സർവ്വെ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ചെക്കോൽകളം, വടക്കോൽ, വടക്കേമുറി, വരണാട്ടുപാറം, അട്ടയാംപതി, പണ്ടാരക്കാട്, താമരമുകൾ, വട്ടേക്കാട്ടുമുമ്പ്, മണ്ഡപംകടം, പൊരിച്ചോളം, പേരാടുകാവ്, പുത്തൻകോട്ട, ഇലന്തൻ കളമ്പ്, നെന്മാറപാടം, വലതല എന്നീ പ്രദേശങ്ങളിൽ വോൾട്ടേജ് ക്ഷാമമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. മേൽ പ്രദേശങ്ങളിൽ സർവ്വേ നടത്തി വോൾട്ടേജ് ഇംപ്രൂവ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള പ്രവൃത്തികൾക്കായി 71 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 28 കി.മീ. 11 കെ. വി. ലൈൻ നിർമ്മാണം, 4 കി.മീ. സിംഗിൾ ഫേസ്-3 ഫേസ് കൺവേർഷൻ, 11 എണ്ണം ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രസ്തുത പ്രവൃത്തികൾ മുൻഗണനാടിസ്ഥാനത്തിൽ ചെയ്യുവരുന്നു.

ട്രാൻസ്മിഷൻ ശൃംഖലാ വിപുലീകരണത്തിന്റെ ഭാഗമായി 110 കെ.വി. കൊല്ലങ്കോട്-വടക്കാഞ്ചേരി സർവ്വേ പുരോഗമിച്ചുവരുന്നു. പ്രസ്തുത ലൈനിന്റെ നിർമ്മാണത്തിനുശേഷം നിലവിലുള്ള നെന്മാറ, കണ്ണമ്പള്ളി എന്നീ 66 കെ.വി. സബ്സ്റ്റേഷനുകളുടെ വോൾട്ടത 110 കെ.വി. ആയി ഉയർത്തുന്ന മുറയ്ക്ക് നെന്മാറയിലേയും പരിസര പ്രദേശങ്ങളിലേയും വോൾട്ടേജ് വീണ്ടും മെച്ചപ്പെടുന്നതായിരിക്കും.

ഊർജ്ജ സംരക്ഷണ പദ്ധതികൾ

22 (367) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയത്; ഈയിനത്തിൽ എത്ര രൂക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇ.എം.സി. മുഖാന്തിരം താഴെപ്പറയുന്ന ഊർജ്ജ സംരക്ഷണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് :

ഹൈടെൻഷൻ, എക്സ്ട്രാ ഹൈടെൻഷൻ, ഹൈറൈസ് ബിൽഡിംഗുകൾക്ക് ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കുകയും ഓഡിറ്റ് പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിന് 30 എനർജി ഓഡിറ്റ് സ്ഥാപനങ്ങളെ എംപാനൽ ചെയ്ത് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തി വ്യവസായങ്ങൾ ഉൾപ്പെടെ 117 സ്ഥാപനങ്ങൾ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ പരിശോധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് ഇവാലുവേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly